പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും, KSIDC, GAIL-മായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും, ഗ്യാസ് പൈപ്പ് ലൈൻവഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകൾക്ക് പരാതി നൽകുന്നതിന് കാൾസെന്ററുകളും ഹെൽപ്പ് ഡെസ്കുകളും

22 (*592) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്ക് പരാതി നൽകുന്നതിന് കാൾ സെന്ററുകളും ഹെൽപ്പ് ഡെസ്കുകളും ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി ആധുനിക കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് ഉടനടി പരിഹാരം കാണുവാനും കാൾ സെന്ററുകളിലും ഹെൽപ്പ് ഡെസ്കുകളിലും എന്തെല്ലാം സംവിധാനമാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സ്ത്രീകൾക്ക് പരാതി നൽകുന്നതിനായി 2-7-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 165/ആഭ്യന്തരം/13 പ്രകാരം തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നീ ജില്ലകളിൽ കാൾ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. പ്രസ്തുത കാൾ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സ്ത്രീകൾക്ക് പരാതി നൽകുന്നതിനായി, വിവിധ പ്ലാൻ സ്കീമുകളിലൂടെ വനിതാ ഹെൽപ്പ് ഡെസ്കുകളും വനിതാ Reception ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഡെസ്കുകളിലൂടെ സ്ത്രീകളുടെ പരാതികൾക്ക് പരിഹാരം നൽകിവരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും ഏത് സമയത്തും പരാതി വിളിച്ചറിയിക്കുന്നതിനായി വനിതാ ഹെൽപ്പ് ലൈനുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. കാൾ സെന്ററുകൾ നിലവിലുള്ള കൺട്രോൾ റൂമുകളുമായി ബന്ധപ്പെടുത്തിയാണ് നടപ്പിൽ വരുത്തുന്നത്. വനിതാ ഹെൽപ്പ് ഡെസ്കുകൾ പോലീസ് സ്റ്റേഷനുകളിലാണ് പ്രവർത്തിച്ചുവരുന്നത്.

(സി) പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് ഉടനടി പരിഹാരം കാണുവാനും കാൾസെന്ററുകളിൽ വനിതാ ഉദ്യോഗസ്ഥരടക്കം ആവശ്യത്തിന് പോലീസുദ്യോഗസ്ഥരെ നിയമിക്കുന്നതാണ്. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും പരാതിക്കാരെയും, എതിർ കക്ഷികളെയും വിളിച്ചു വരുത്തി പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നതാണ്. കേസ് എടുക്കേണ്ട പരാതിയാണെങ്കിൽ ആയതിന്മേൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ സഹായം നൽകുന്നതാണ്. വനിതാ ഹെൽപ്പ് ഡെസ്കുകളിൽ മേൽ പറഞ്ഞ കാര്യങ്ങൾ നിലവിൽ ചെയ്തുവരുന്നുണ്ട്.

(ഡി) കാൾ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹെൽപ്പ് ഡെസ്കുകളിലൂടെ ലഭിക്കുന്ന പരാതികളിന്മേലുള്ള തുടർ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്. ഇതിനായി iAPS (Internal Administrative Processing System) എന്ന സംവിധാനം പോലീസ് വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഈ സംവിധാനം ഉപയോഗിക്കുന്നതിനാവശ്യമായ യൂസർ ഐ.ഡി.യും പാസ്സ്വേർഡും നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ ഫയലുകളിന്മേലും പരാതികളിന്മേലും പരിഹാരം കണ്ടെത്തുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്.

അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ

23 (*593) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് പോലെ മറ്റ് ദേശീയ-അന്തർദ്ദേശീയ കായിക-മത്സരങ്ങൾ കൂടുതലായി കേരളത്തിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം കായിക മത്സരങ്ങൾ നടത്തുന്നതിനും കേരളത്തിലെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 2017-ലെ 17 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ FIFA വേൾഡ് കപ്പ് ഫുട്ബോൾ മത്സരം കേരളത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിൽ 2015-ൽ നടക്കാനിരിക്കുന്ന 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly